"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ ഐ.എച്ച്.ആർ.ഡിയുടെ ഏകോപന ചുമതലയിൽ കിഫ്ബിയുടെ ധനസഹായത്തോടു കൂടി വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും പദ്ധതിയുടെ SPV (Special Purpose Vehicle) ആയി കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) — നെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.373/2022/HEDN തീയതി,തിരുവനന്തപുരം, 02-08-2022

---

പരാമർശം:-

1. സ.ഉ .(സാധാ) നം.664/2018/വ്യവ തീയതി 13.06.2018.
2. സ.ഉ .(സാധാ) നം.828/2020/വ്യവ തീയതി 01.10.2020.
3. സ.ഉ .(സാധാ) നം.1006/2021/ഉ.വി.വ തീയതി 05.08.2021
4. സ.ഉ .(സാധാ) നം.830/2021/വ്യവ തീയതി 09.08.2021
5. സ.ഉ .(കൈ) നം.458/2021/ഉ.വി.വ തീയതി 18.10.2021
6. സ.ഉ .(സാധാ) നം.223/2022/ഉ.വി.വ തീയതി 08.02.2022
7. ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 21.07.2022-ലെ കത്ത് നമ്പർ.ഐ.എച്ച്.ആർ.ഡി/1521/2022-സി എൻ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികൾക്കായി കിൻഫ്ര മുഖാന്തിരം സ്ഥലം ഏറ്റെടുക്കുന്നതിന് പരാമർശം (1) , (2) പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പ്രസ്തുത വിദ്യാഭ്യാസ സമുച്ചയ പദ്ധതിയുടെ ഏകോപന ചുമതല ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ നിയന്ത്രിത സ്വയം ഭരണ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി - ക്ക് നൽകിക്കൊണ്ടും വിവിധ സ്ഥാപനങ്ങൾക്കുള്ള സ്ഥലത്തിന്റെ വിന്യാസം സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പിണറായി വില്ലേജിലെ 2/1 , 4/1 , 4/2 സർവ്വേ നമ്പരിലുള്ള , കിൻഫ്ര മുഖാന്തിരം ഏറ്റെടുത്ത 12.93 ഏക്കർ സ്ഥലം താഴെ പറയും പ്രകാരം വിവിധ പദ്ധതികൾക്കായി അനുവദിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 1 | പോളിടെക്നിക്ക് കോളേജ് (ഉന്നത വിദ്യാഭ്യാസ വകുപ്പ്) | 4 ഏക്കർ |
| 2 | ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ( ടൂറിസം വകുപ്പ് ) | 2 ഏക്കർ |
| 3 | ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ( തൊഴിലും നൈപുണ്യവും വകുപ്പ് ) | 4.5 ഏക്കർ |
| 4 | ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് ( ഉന്നത വിദ്യാഭ്യാസ വകുപ്പ് ) | 1 ഏക്കർ |
| 5 | സിവിൽ സർവീസ് അക്കാഡമി ( ഉന്നത വിദ്യാഭ്യാസ വകുപ്പ് ) | 1 ഏക്കർ |
| 6 | ബയോ ഡൈവേഴ്സിറ്റി പാർക്കും പൊതു സൗകര്യങ്ങളും | കെട്ടിടം പണി പൂർത്തിയായ ശേഷം ബാക്കിയുള്ള സ്ഥലം |

(3) പ്രസ്തുത വിദ്യാഭ്യാസ സമുച്ചയ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ ചുമതല Non PMC പ്രോജക്ടായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) - ക്ക് നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നിർവ്വഹണത്തിനായി 4% കൺസൾട്ടൻസി ചാർജ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചു കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(4) 17.03.2022 - ന് നടന്ന പദ്ധതി അവലോകന യോഗത്തിൽ പിണറായി എഡ്യൂക്കേഷൻ ഹബ്ബ് ഒരു വിദ്യാഭ്യാസ സ്ഥാപന പദ്ധതിയായതിനാൽ ആയതിന്റെ കെട്ടിട നിർമാണത്തിനാവശ്യമായ തുക കിഫ്ബി ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് അനുമതി നൽകി തീരുമാനിക്കുകയുണ്ടായി. തുടർന്ന് കിഫ്ബി ഫണ്ടിംഗ് മുഖേനയുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായിട്ടുള്ള SPV ആയി കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) — നെ ചുമതലപ്പെടുത്തുന്നതിന് പരാമർശം (7) കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി വില്ലേജിലെ 2/1 , 4/1 , 4/2 സർവ്വേ

നമ്പരിലുള്ള 12.93 ഏക്കർ സ്ഥലത്ത് ഐ.എച്ച്.ആർ.ഡിയുടെ ഏകോപന ചുമതലയിൽ കിഫ്ബിയുടെ ധനസഹായത്തോടു കൂടി വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) — നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായിട്ടുള്ള SPV ആയി ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C AJAYAN
അഡിഷണൽ സെക്രട്ടറി

**പകർപ്പ് :-**

1.ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം
2.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
4.മാനേജിങ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഒന്നാം നില, സാങ്കേതിക, പി.എഫ്.റോഡ്, വൃന്ദാവൻ ഗാർഡൻസ്, പട്ടം , തിരുവനന്തപുരം
5.ഡയറക്ടർ, ടൂറിസം വകുപ്പ് , തിരുവനന്തപുരം
6.ഡയറക്ടർ, എംപ്ലോയ്മെന്റ് ആൻറ് ട്രെയിനിങ് വകുപ്പ് , തിരുവനന്തപുരം
7.ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ , തിരുവനന്തപുരം
8.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം , തിരുവനന്തപുരം
9.പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 959 തീയതി 27.07.2022 പ്രകാരം)
10.ധനകാര്യ വകുപ്പ് (03.06.2022 - ലെ അനൗദ്യോഗികക്കുറിപ്പ് നം. 2001565/EDN-B2/26/2022-FIN പ്രകാരം )
11.വ്യവസായ (ജി) വകുപ്പ്
12.ടൂറിസം (ബി) വകുപ്പ്
13.തൊഴിലും നൈപുണ്യവും (സി) വകുപ്പ്
14.ഉന്നത വിദ്യാഭ്യാസ (എൽ ) വകുപ്പ്
15.ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ.&.പി.ആർ.ഡി
16.www.highereducation.kerala.gov.in
17.കരുതൽ ഫയൽ / കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Salini.p**
**Date: 02-08-2022 15:03:23**
സെക്ഷൻ ഓഫീസർ

(i) ബഹു .മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
(ii) ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-07-2022

ഫയൽ നം. ജെ1/135/2020/ഉ.വി.വ.(പാർട്ട്-1).  ഇനം നം: 959

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിലെ വിദ്യാഭ്യാസ സമുച്ചയം കിഫ്ബിയുടെ ധനസഹായത്തോടു കൂടി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. ജെ1/135/2020/ഉ.വി.വ (പാർട്ട് – I) |
| 2 | വകുപ്പ് | ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ് |
| 3 | വിഷയം | ഉന്നത വിദ്യാഭ്യാസ വകുപ്പ് – കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിലെ വിദ്യാഭ്യാസ സമുച്ചയം കിഫ്ബിയുടെ ധനസഹായത്തോട്ടു കൂടി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28.06.2022 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | സി.അജയൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറി യുടെ പേര് | ശ്രീമതി.ഇഷിത റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 26.07.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.07.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ.ആർ.ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.07.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.07.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിലെ വിദ്യാഭ്യാസ സമുച്ചയം കിഫ്ബിയുടെ ധനസഹായത്തോടു കൂടി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ വിഷയം.

2) കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 13.06.2018 – ലെ സ.ഉ.(സാധാ) നം.664/2018/വ്യവ പ്രകാരം വ്യവസായ വകുപ്പ് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) പിണറായി വില്ലേജിൽ വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കുന്ന പദ്ധതിയുടെ ഏകോപന ചുമതല ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ നിയന്ത്രിത സ്വയംഭരണ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിക്ക് നൽകിക്കൊണ്ടും വിവിധ സ്ഥാപനങ്ങൾക്കുള്ള സ്ഥലത്തിന്റെ വിന്യാസം സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും സ.ഉ (സാധാ) നം.1006/2021/ഉ.വി.വ, തീയതി:05.08.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) തുടർന്ന് കിൻഫ്രയുടെ കൈവശമുള്ള കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ പിണറായി വില്ലേജിലെ 2/1, 4/1, 4/2 സർവ്വേ നമ്പരിലുള്ള 12.93 ഏക്കർ സ്ഥലം താഴെ പറയും പ്രകാരം വിവിധ പദ്ധതികൾക്കായി അനുവദിച്ച് 09.08.2021 – ലെ സ.ഉ (സാധാ) നം.830/2021/വ്യവ പ്രകാരം വ്യവസായ വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | സ്ഥലത്തിന്റെ വിസ്തീർണം |
|---|---|---|
| 1 | പോളിടെക്നിക്ക് കോളേജ് (ഉന്നത വിദ്യാഭ്യാസ വകുപ്പ്) | 4 ഏക്കർ |
| 2 | ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ടൂറിസം വകുപ്പ്) | 2 ഏക്കർ |
| 3 | ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (തൊഴിലും നൈപുണ്യവും വകുപ്പ്) | 4.5 ഏക്കർ |
| 4 | ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഉന്നത വിദ്യാഭ്യാസ വകുപ്പ്) | 1 ഏക്കർ |
| 5 | സിവിൽ സർവീസ് അക്കാഡമി (ഉന്നത വിദ്യാഭ്യാസ വകുപ്പ്) | 1 ഏക്കർ |
| 6 | ബയോഡൈവേഴ്സിറ്റി പാർക്കും പൊതു സൗകര്യങ്ങളും | കെട്ടിടം പണി പൂർത്തിയായ ശേഷം ബാക്കിയുള്ള സ്ഥലം |

5) തുടർന്ന് പദ്ധതിയുടെ ഏകോപന ചുമതല വഹിക്കുന്ന

ഐ.എച്ച്.ആർ.ഡി യുടെ അഭ്യർത്ഥന പരിഗണിച്ച്, വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ഒരു അംഗീകൃത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശം പരിഗണിച്ച 13.10.2021 – ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 18.10.2021 തീയതിയിലെ സ.ഉ(കൈ) നം. 458/2021/ഉ.വി.വ പ്രകാരം പിണറായിയിലെ വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ DPR തയ്യാറാക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ ചുമതല Non PMC പ്രോജക്ടായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) – ക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത പദ്ധതി നടത്തിപ്പിലേക്കായി ULCCS യുടെ കൺസൾട്ടൻസി ചാർജ് 4% ആയി അംഗീകരിച്ചു കൊണ്ട് 08.02.2022 – ലെ GO(Rt) No.223/2022/HEDN പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

6) പദ്ധതിയുടെ ഏകദേശ ചെലവ് 238 കോടി രൂപയാകുമെന്നും വിശദ പദ്ധതി രേഖ (DPR), ULCCS തയ്യാറാക്കി വരികയാണെന്നും , പ്രസ്തുത പദ്ധതിക്കായി ULCCS നാളിതു വരെ നൽകിയ സേവനങ്ങൾക്ക് തുകയൊന്നും ആവശ്യപ്പെട്ടുകയോ ഇതിലേക്കായി തുക അനുവദിക്കുകയോ ചെയ്തിട്ടില്ലെന്നും ഐ.എച്ച്.ആർ.ഡി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7) 17.03.2022 – ന് ബഹു. മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ പദ്ധതി

അവലോകന യോഗത്തിൽ പിണറായി എഡ്യൂക്കേഷൻ ഹബ്ബ് ഒരു വിദ്യാഭ്യാസ സ്ഥാപന പദ്ധതിയായതിനാൽ ആയതിന്റെ കെട്ടിട നിർമാണത്തിനാവശ്യമായ തുക KIIFB ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് അനുമതി നൽകി തീരുമാനിക്കുകയുണ്ടായി.

8) ആയതിന്റെ അടിസ്ഥാനത്തിൽ പിണറായിയിലെ വിദ്യാഭ്യാസ സമുച്ചയ നിർമ്മാണത്തിന് KIIFB – യിൽ നിന്നും ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ചും പദ്ധതിയുടെ രൂപരേഖ (ഡിസൈൻ) തയ്യാറാക്കൽ, പാരിസ്ഥിതിക അനുമതി ലഭ്യമാക്കൽ തുടങ്ങി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇതുവരെ നൽകിയ സേവനങ്ങൾക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ചുമുള്ള അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" 1. ഭരണ വകുപ്പ് പിണറായിയിലെ വിദ്യാഭ്യാസ സമുച്ചയ നിർമ്മാണ പദ്ധതിയ്ക്ക് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ ഭരണാനുമതി പുറപ്പെടുവിക്കുകയും അതിൻപ്രകാരം SPV (Special Purpose Vehicle) മുഖേന DPR കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തതിനു ശേഷം ഫണ്ടിംഗിനായി പരിഗണിക്കുന്നതാണ്.

2. പദ്ധതിയ്ക്ക് ധനസഹായം നൽകാൻ കിഫ്ബിയുടെ ബോർഡ് തീരുമാനിച്ചശേഷം, അത്തരത്തിൽ അംഗീകരിച്ച പ്രൊജക്റ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ, DPR തയ്യാറാക്കുന്നത്

ഉൾപ്പടെയുള്ള ചെലവുകൾക്കായുള്ള സെൻ്റേജ് ഇനത്തിൽപ്പെടുന്ന ചാർജ്ജുകൾ KIIFB മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ശതമാന കണക്കുകൾ പ്രകാരം ബന്ധപ്പെട്ട SPV ക്ക് നൽകുന്നകാര്യം പരിഗണിക്കാൻ കഴിയും. "

9) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം പദ്ധതിയുടെ ചെലവ് കണക്കാക്കുന്നതിന് ആദ്യപടിയായി ഒരു SPV - യെ കണ്ടെത്തേണ്ടതും ടി SPV വിശദ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കി ഫണ്ടിങ്ങിനായി കിഫ്ബിയിൽ സമർപ്പിക്കേണ്ടതുമായിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണച്ചുമതല നിർവ്വഹിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) - നെ SPV ആയി നിയമിക്കുന്നതിന് ഐ.എച്ച്.ആർ.ഡി ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട് .

10) പ്രസ്തുത വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും ഫണ്ട് വകയിരുത്തി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രി സഭാ യോഗത്തിൻ്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനമെടുക്കേണ്ട വിഷയം

1. കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി വില്ലേജിലെ 2/1 , 4/1 , 4/2 സർവ്വേ നമ്പരിലുള്ള 12.93 ഏക്കർ സ്ഥലത്ത് ഐ.എച്ച്.ആർ.ഡിയുടെ ഏകോപന ചുമതലയിൽ കിഫ്ബിയുടെ ധനസഹായത്തോടു കൂടി വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകാമോ ?

2. നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) - നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായിട്ടുള്ള SPV ആയി ചുമതലപ്പെടുത്താമോ ?